"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - ബഡ്ജറ്റ് പ്രവൃത്തി - 2025-26 - പത്തനംതിട്ട ജില്ല- റാന്നി നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട 13 പ്രവൃത്തികൾക്ക് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡി.ബി.)വകുപ്പ്**

സ.ഉ.(സാധാ) നം.652/2026/LSGD തീയതി,തിരുവനന്തപുരം, 10-03-2026

---

പരാമർശം:- 1) 18.08.2025-ലെ സ.ഉ.(സാധാ.)നം.6734/2025/ധന.

2) തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 04.02.2026-ലെ LSGD/PD/2040/2026-EW3-നമ്പർ കത്ത്.

3) 25.02.2026-ലെ സ.ഉ.(സാധാ.)നം.1919/2026/ധന.

ഉത്തരവ്

2025-2026 വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയ ഭരണാനുമതിയില്ലാത്ത മരാമത്ത് പ്രവൃത്തികളിൽ ക്രമ നമ്പർ 529 ആയി ഉൾപ്പെടുത്തി 200 ലക്ഷം രൂപ അടങ്കൽ തുകയും, 20% പ്രൊവിഷനും അനുവദിച്ച് തൊഴിൽ വകുപ്പിനെ നിർവ്വഹണ വകുപ്പാക്കിയ **"റാന്നി സ്കിൽ പാർക്ക് രണ്ടാം ഘട്ടം-റാന്നി നോളഡ്ജ് വില്ലേജ് പദ്ധതിയുടെ ഭാഗമായ സ്കിൽ ഹബ് കെട്ടിട നിർമ്മാണം"** എന്ന പ്രവൃത്തിയ്ക്ക് പകരമായി പരാമർശം (1) സർക്കാർ ഉത്തരവ് പ്രകാരം ഭേദഗതി പ്രവൃത്തിയായി ചുവടെ ചേർക്കുന്ന പ്രവൃത്തികൾ ഉൾപ്പെടുത്തിയിരുന്നു.

1. ഇടയിലപുരയിൽ റോഡ് - 15 ലക്ഷം
2. വലത്തുപ്പടി മാതാം പറമ്പിൽ പടി - 16 ലക്ഷം
3. വൈക്കം യു പി എസ് അലക്കുകല്ലുങ്കൽ - 15 ലക്ഷം
4. തുക്കോമല കടിലം പടി റോഡ്-15 ലക്ഷം
5. സൊസൈറ്റി പടി കുനം തടം റോഡ്-15 ലക്ഷം
6. വള്ളിയാന മല തോട്ടു പുറത്തു പടി റോഡ്-15 ലക്ഷം
7. **ഇലഞ്ഞി പടി മൂക്കന്നൂർ പടി - 16 ലക്ഷം**
8. പുത്തൻ ശബരിമല-വടക്കേടത്തു- 15 ലക്ഷം
9. ഇടത്രുമൺ കന്നാന്നു പറമ്പു റോഡ്-16 ലക്ഷം
10. തെള്ളിയൂർ കാവ് കോള ഭാഗം റോഡ്-16 ലക്ഷം
11. കാരമല പടി പുറമല-15 ലക്ഷം
12. വാളക്കുഴി മലമ്പാറ ഇടക്കാട്-16 ലക്ഷം
13. മഠത്തും പടി അത്യാൽ പടി റോഡ്- 15 ലക്ഷം

2) മേൽ പ്രവൃത്തികളിൽ ക്രമ നമ്പർ.7 ആയി ഉൾപ്പെടുത്തി 16 ലക്ഷം രൂപ അടങ്കൽ തുകയും, 20% പ്രൊവിഷനും അനുവദിച്ച് തദ്ദേശ സ്വയംഭരണ വകുപ്പിനെ നിർവ്വഹണ വകുപ്പാക്കിയ **"ഇലഞ്ഞി പടി മൂക്കന്നൂർ പടി"** എന്ന പ്രവൃത്തിയ്ക്ക് പകരമായി മറ്റ് വിശദാംശങ്ങളിൽ മാറ്റം

വരുത്താതെ **"അയിരൂർ ഗ്രാമപഞ്ചായത്തിലെ കാവുമുക്ക് വലിയതറ റോഡ്"** എന്ന പ്രവൃത്തി ഉൾപ്പെടുത്തി ഭരണാനുമതി നൽകണമെന്ന റാന്നി നിയോജകമണ്ഡലം MLAയുടെ കത്തിന്റെ അടിസ്ഥാനത്തിൽ മേൽ ഭേദഗതി വരുത്തി, 13 പ്രവൃത്തികൾക്കും ഭരണാനുമതി നൽകണമെന്ന് പരാമർശം (2) ലെ കത്ത് പ്രകാരം തദ്ദേശസ്വയംഭരണ പ്രിൻസിപ്പൽ ഡയറക്ടർ ശിപാർശ സമർപ്പിക്കുകയുണ്ടായി .

3) പരാമർശം (3) ലെ സർക്കാർ ഉത്തരവ് പ്രകാരം ചുവടെ ചേർക്കുന്ന പ്രവൃത്തികൾ ഉൾപ്പെടുത്തി ഭേദഗതി ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി .

| ക്രമ നം. | പ്രവൃത്തി | തുക ലക്ഷത്തിൽ |
|---|---|---|
| 1 | ഇടയിലപുരയിൽ റോഡ് - റാന്നി ബ്ലോക്ക് പഞ്ചായത്ത് | 15 |
| 2 | വല്യേത്തുപ്പടി മാതാം പറമ്പിൽ പടി - റാന്നി ബ്ലോക്ക് പഞ്ചായത്ത് | 16 |
| 3 | വൈക്കം യു പി എസ് അലക്കുകല്ലുങ്കൽ - റാന്നി ബ്ലോക്ക് പഞ്ചായത്ത് | 15 |
| 4 | തൃക്കോമല കുടിലം പടി റോഡ് - റാന്നി ബ്ലോക്ക് പഞ്ചായത്ത് | 15 |
| 5 | സൊസൈറ്റി പടി കൂനം തടം റോഡ് -ഇലന്തൂർ ബ്ലോക്ക് പഞ്ചായത്ത് | 15 |
| 6 | വള്ളിയാന മല തോട്ടു പുറത്തു പടി റോഡ് - അയിരൂർ ഗ്രാമപഞ്ചായത്ത് | 15 |
| 7 | അയിരൂർ ഗ്രാമപഞ്ചായത്തിലെ കാവുമുക്ക് വലിയതറ റോഡ് | 16 |
| 8 | പുത്തൻ ശബരിമല-വടക്കേടത്തു - അയിരൂർ ഗ്രാമപഞ്ചായത്ത് | 15 |
| 9 | ഇടത്രമൺ കന്നാന്നു പറമ്പു റോഡ് - അയിരൂർ ഗ്രാമപഞ്ചായത്ത് | 16 |
| 10 | തെള്ളിയൂർ കാവ് കോള ഭാഗം റോഡ് - എഴുമറ്റൂർ ഗ്രാമപഞ്ചായത്ത് | 16 |
| 11 | കാരമല പടി പുറമല - എഴുമറ്റൂർ ഗ്രാമപഞ്ചായത്ത് | 15 |
| 12 | വാളക്കുഴി മലമ്പാറ ഇടക്കാട് - എഴുമറ്റൂർ ഗ്രാമപഞ്ചായത്ത് | 16 |
| 13 | മന്തും പടി അത്യാൽ പടി റോഡ് - കോട്ടാങ്ങൽ ഗ്രാമപഞ്ചായത്ത് | 15 |
| | **ആകെ** | **200** |

4) സർക്കാർ മേൽ വിഷയം വിശദമായി പരിശോധിച്ചു. പരാമർശം (1) പ്രകാരം 20% തുക വകയിരുത്തിയതും പരാമർശം (3) പ്രകാരം **"ഇലഞ്ഞിപ്പടി മൂക്കന്നൂർ പടി"** എന്ന പ്രവൃത്തിക്ക് പകരമായി **(16 ലക്ഷം രൂപ) "അയിരൂർ ഗ്രാമപഞ്ചായത്തിലെ കാവുമുക്ക് വലിയതറ റോഡ്"** എന്ന പ്രവൃത്തി ഭേദഗതിയോടെ ഉൾപ്പെടുത്തുകയും 20% തുക വകയിരുത്തുകയും ചെയ്ത പത്തനംതിട്ട റാന്നി നിയോജകമണ്ഡലത്തിലെ മേൽ പരാമർശിച്ചിരിക്കുന്ന 13 പ്രവൃത്തികൾക്ക് മേൽ പട്ടികയിൽ കൊടുത്തിരിക്കുന്ന അടങ്കൽ തുകയ്ക്ക് ഭരണാനുമതി നൽകിയും, ടി പ്രവൃത്തികൾക്കാവശ്യമായ ചെലവ് **"4515-00-800-92(NP)** "എന്ന ശീർഷകത്തിൽ നിന്നും വഹിക്കുന്നതിന് അനുമതി നൽകിയും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ലീന എൻ പി

അഡിഷണൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ & ഇ /ഓഡിറ്റ്) കേരള, തിരുവനന്തപുരം

ധനകാര്യ വകുപ്പ്. (E:3419685/DEV-3/65/2026-Fin dated 06.03.2026) (AS/LGD/25/49626)

ചീഫ് മിഷൻ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ.

ഇൻഫർമേഷൻ ഓഫീസർ വെബ് & ന്യൂ മീഡിയ വിംഗ്, ഐ.പി.ആർ.ഡി. തിരുവനന്തപുരം

കരുതൽ ഫയൽ. (DB2/758/2025-LSGD)

ഉത്തരവിൻ പ്രകാരം

Signed by
Smitha. L
Date: 10-03-2026 11:50:44
സെക്ഷൻ ഓഫീസർ